# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5273** | **15/11/2019 -ൽ മറുപടിക്ക്**

### നിയമ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുനടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ഡോ.കെ.ടി.ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) നിയമ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ; | (എ) എറണാകുളം ഗവ.ലോ കോളേജിൽ നിയമ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഓരോ സാമ്പത്തിക വർഷത്തെയും പ്ലാൻ ഫണ്ട് ഉപയോഗിച്ച് ലൈബ്രറി, സ്മാർട്ട് ക്ലാസ്സ് റൂമുകൾ, മൂട്ട് കോർട്ട് ഹാൾ, മിനി സെമിനാർ ഹാൾ, ഓഡിറ്റോറിയം പരീക്ഷ ഹാൾ എന്നിവയുടെ നവീകരണം നടത്തി വരുന്നു. ക്രിമിനൽ ലോ, മെഡിക്കൽ ലോ, ഗവേണൻസ് പോളിസി സ്റ്റഡീസ് എന്നീ സെന്ററുകൾ മുഖേന ദേശീയ അന്തർ ദേശീയ തലത്തിലുള്ള സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തി വരുന്നു. കൂടാതെ മൂട്ട് കോർട്ട് മത്സരങ്ങൾ, അദാലത്തുകൾ, ട്രയൽ അഡ്വക്കസി മത്സരങ്ങളും നടത്തി വരുന്നുണ്ട്. ലൈബ്രറിയിൽ ഓരോ വർഷവും ആവശ്യമായ പുസ്തകങ്ങളും ജേണലുകളും ലഭ്യമാക്കി വരുന്നുണ്ട്.<br><br>നിയമപഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം സർക്കാർ ലോ കോളേജിന് ശരാശരി 1.5 കോടി രൂപ എല്ലാ സാമ്പത്തിക വർഷവും അനുവദിക്കുന്നുണ്ട്. ആയത് ഉപയോഗിച്ച് 5 ലക്ഷത്തിൽപ്പരം രൂപക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുകയും അക്കാഡമിക് പരിപാടികളായ ദേശീയ മൂട്ട് കോർട്ട് മത്സരം, എ.ഡി.ആർ മത്സരം, |

സെമിനാറുകൾ, സിമ്പോസിയങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. 170-ഓളം പെൺകുട്ടികൾ താമസിക്കുന്ന കോളേജ് വനിതാ ഹോസ്റ്റലിലെ എല്ലാവിധ അറ്റകുറ്റപ്പണികളും മറ്റ് വേണ്ട സാധനങ്ങളും പദ്ധതിവിഹിതം ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. കൂടാതെ കഴിഞ്ഞ വർഷം കോളേജിലെ ഹെറിറ്റേജിന് സമാനമായ ബാർട്ടൺ ബംഗ്ലോ പുനരുദ്ധാരണം പണി തീർന്നു വരുന്നു. ലോ കോളേജിനായി മൂട്ട്കോർട്ട് ഹാൾ സജ്ജമാക്കാൻ സാധിച്ചു. കൂടാതെ കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും സ്ഥാപിക്കുവാനും വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് എന്നിവ സ്ഥാപിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

തൃശ്ശൂർ സർക്കാർ ലോ കോളേജിൽ അക്കാദമിക് ആക്ടിവിറ്റീസ് ആയി മൂട്ട് കോർട്ട് കോമ്പറ്റീഷനും, ഇന്റർ നാഷണൽ സെമിനാറുകളും നടത്തുന്നുണ്ട്. പ്രസ്തുത കോളേജിൽ ആകെ 12 ക്ലാസ്സ് റൂമുകളും, ലേഡീസ് അമിനിറ്റി സെന്റർ, എക്സാം ഹാൾ, ആഡിറ്റോറിയം എന്നിവ ഉണ്ട്.

പ്രസ്തുത കോളേജ് ലൈബ്രറിയിൽ ഏകദേശം 36530 പുസ്തകങ്ങളും 4 ഓൺലൈൻ മാഗസിനുകളും ഉണ്ട്. സൈബർ സ്റ്റേഷനിൽ 21 കമ്പ്യൂട്ടറുകളും സജ്ജീകരിച്ചിട്ടുണ്ട്.

കോഴിക്കോട് സർക്കാർ ലോകോളേജിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഓഡിയോ വിഷ്വൽ ഉപകരണങ്ങളുടെ സഹായത്തോടെ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ട്. സെമിനാർ വർക്ക്ഷോപ്പ് എന്നിവ നടത്തുന്നതിനുള്ള സജ്ജീകരണങ്ങളും, പരീക്ഷ കുറ്റമറ്റതാക്കുന്നതിനും

ക്ലാസ്സുകൾ മുടങ്ങാതെ പരീക്ഷ നടത്തുന്നതിനും സൗകര്യങ്ങൾ ഉണ്ട്. കൂടാതെ ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുമുണ്ട്. വിദ്യാർത്ഥികൾക്കു പയാഗിക്കുന്നതിനായി കമ്പ്യൂട്ടർ ലാബ്, വിദൂര ദേശങ്ങളിലുള്ള വിദ്യാർത്ഥികളുടെ സൗകര്യത്തിനായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മിതമായ ,ചിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ലൈബ്രറിയിൽ ഓൺലൈൻ റിസോഴ്സ് ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ട്. കൂടാതെ സ്വാശ്രയ മേഖലയിലും 20 ലോ കോളേജുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. കളമശ്ശേരിയിലുള്ള National University of Advanced Legal Studies (NUALS) മുഖേനയും LL.B, LL.M, Ph.D, ഡിപ്ലോമ കോഴ്സുകൾ നടത്തി വരുന്നുണ്ട്. സർക്കാരിൽ നിന്നും ലഭിക്കുന്ന പ്ലാൻ ഫണ്ട് വിനിയോഗിച്ച് National University of Advanced Legal Studies ക്യാമ്പസ് വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) നിലവിൽ സർക്കാർ-എയ്ഡഡ്-സ്വാശ്രയ-സഹകരണ മേഖലയിൽ എത്ര ലോ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതു വഴി എത്ര വിദ്യാർത്ഥികൾക്ക് നിയമ പഠന സൗകര്യങ്ങൾ ലഭ്യമാണ്; വിശദാംശം വെളിപ്പെടുത്താമോ;

(ബി) നിലവിൽ സർക്കാർ മേഖലയിൽ 4 ലോ കോളേജുകളും സ്വാശ്രയ മേഖലയിൽ 20 ലോ കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ലോ കോളേജുകളിൽ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി.കോഴ്സിന് 320 വിദ്യാർത്ഥികൾക്കും ത്രിവത്സര എൽ.എൽ.ബി.കോഴ്സിന് 400 വിദ്യാർത്ഥികൾക്കും, സ്വാശ്രയ ലോ കോളേജുകളിൽ പഞ്ചവത്സര എൽ.എൽ.ബി കോഴ്സിന് 2070 വിദ്യാർത്ഥികൾക്കും, ത്രിവത്സര എൽ.എൽ.ബി. കോഴ്സിന് 450 വിദ്യാർത്ഥികൾക്കും പഠന സൗകര്യം ലഭ്യമാണ്. കൊച്ചി National University of Advanced Legal Studies-ൽ എൽ.എൽ.ബിക്ക് 452 വിദ്യാർത്ഥികളും എൽ.എൽ.എം.ന് 38 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. കൂടാതെ പി.എച്ച്.ഡി

ഡിപ്ലോമ കോഴ്സുകളും നൽകുന്നുണ്ട്. എയ്ഡഡ് സഹകരണ മേഖലയിൽ ലോ കോളേജുകൾ അനുവദിച്ചു നൽകിയിട്ടില്ല.

(സി) കൂടുതൽ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതിനായി സർക്കാർ ലോ കോളേജുകളിൽ കൂടുതൽ സീറ്റുകളുള്ള ബാച്ചുകൾ അനുവദിക്കുന്നതിനും, എയ്ഡഡ് മേഖലയിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(സി) ഒരു ബാച്ചിൽ 60 കുട്ടികളെ ഉൾപ്പെടുത്തി എൽ.എൽ.ബി ക്ലാസ്സ് നടത്തുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ കൂടുതൽ വിദ്യാർത്ഥികൾക്ക് നിയമപഠനം സാധ്യമാക്കുന്നതിനായി സർക്കാർ ലോ കോളേജുകളിൽ പഞ്ചവത്സര എൽ.എൽ.ബിയ്ക്ക് 80 വിദ്യാർത്ഥികളും ത്രിവത്സര എൽ.എൽ.ബിയ്ക്ക് 100 വിദ്യാർത്ഥികളും അടങ്ങുന്ന ബാച്ചുകൾക്കാണ് നിലവിൽ പ്രവേശനം നൽകി വരുന്നത്. എയ്ഡഡ് മേഖലയിൽ പുതിയ ലോ കോളേജ് ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല.

[signature]

**സെക്ഷൻ ഓഫീസർ**